(എ) വിൽപ്പന നികുതി വകുപ്പു ജീവനക്കാരിൽനിന്നും പ്രതിവർഷം പ്രോപ്പർട്ട സ്റ്റേറ്റ്മെന്റ് വാങ്ങാറുണ്ടോ;

(ബി) ഈ സ്റ്റേറ്റ്മെന്റിന്റെ സത്യാവസ്ഥ സർക്കാർ പരിശോധിക്കാറുണ്ടോ;

(സി) പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സത്യവാങ്മൂലത്തിൽനിന്നും വ്യത്യസ്ത മായി ജീനവനക്കാർക്ക് സമ്പാദ്യമുള്ളതായി പരിശോധനയിൽ കണ്ടെത്തിയ എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ഡി) നിർബന്ധമായും ഈ പരിശോധന നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സീൽ ചെയ്ത കവറിലാണ് സ്വീകരിക്കുന്നത് ജീവനക്കാരുടെ വസ്തുവകകളെ സംബന്ധിക്കുന്ന ഏതെങ്കിലും പരാതി രേഖാമൂല ലഭിക്കുമ്പോൾ മാത്രമേ സീൽ ചെയ്ത് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് വിധേയമാക്കാറുള്ളൂ.

(സി) വരവിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ചു എന്നുള്ള പരാതിയെത്തുടർന്ന് ഇപ്പോൾ ആകെ നാലു കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾത്തന്നെ കർശനമായ പരിശോധന രേഖാമൂലം വേണ്ടത്ര തെളിവു സഹിതം പരാതിപ്പെട്ടാൽ നടത്തിവരുന്നുണ്ട്.

ഓൺ ലൈൻ ലോട്ടറി

15 [5469] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺ ലൈൻ ലോട്ടറി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഓൺ ലൈൻ ലോട്ടറിയിൽ ചെറുകിട ഏജന്റുമാർക്ക് പങ്കാളിത്തം ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. 25-7-2003 മുതൽ 8-8-2003 വരെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽനിന്നും 20,000 രൂപയ്ക്ക് ടെൻഡർ ഡോക്യുമെന്റ് നൽകുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ തൽക്കാലം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഓൺ ലൈൻ ലോട്ടറിയും തൊഴിലില്ലായ്മയും

16 [5470] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിലെ ഓൺ ലൈൻ ലോട്ടറി സംസ്ഥാനത്ത് വിറ്റഴിക്കുന്നതിനാൽ ലോട്ടറി കച്ചവടത്തിലൂടെ ഉപജീവനം നടത്തിയിരുന്നവരുടെ തൊഴിലിനെ ഇത് ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly